**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 99

02.03.2020 ൽ മറുപടിക്ക്

**പൗരത്വനിയമവുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങളുടെ പേരിലുള്ള കേസുകൾ**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ദേശീയ ജനസംഖ്യ രജിസ്റ്റർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് 22/01/2020 ലെ SS1/57/LGS/പൊതുഭരണ വകുപ്പ് നമ്പർ കത്ത് പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രത്തിനയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കുമോ; | (എ) | മറുപടി ലഭിച്ചിട്ടില്ല. |
| (ബി) | പൗരത്വനിയമവുമായി ബന്ധപ്പെട്ട് നടന്ന സമാധാനപരമായ പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്ത നിരവധി പേരുടെ പേരിൽ സംസ്ഥാന പോലീസ് കേസ് എടുത്തിട്ടുള്ളത് ആഭ്യന്തര വകുപ്പ് പരിശോധിക്കുമോ; | (ബി) & (സി) | പൗരത്വനിയമവുമായി ബന്ധപ്പെട്ട് സമാധാനപരമായി പ്രതിഷേധിച്ചവർ ക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രതിഷേധപ്രകടനങ്ങളുടെ ഭാഗമായി നടന്ന നിയമ ലംഘനങ്ങൾക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | നിരപരാധികളുടെ പേരിൽ കേസുകൾ എടുത്തിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | പൗരത്വ നിയമവുമായി ബന്ധപ്പെട്ട് എത്ര മലയാളികളുടെ പേരിൽ മറ്റ് സംസ്ഥാനങ്ങളിൽ കേസുകൾ എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) & (ഇ) | മറ്റ് സംസ്ഥാനങ്ങളിൽ എടുത്ത കേസുകൾ സംബന്ധിച്ച് സർക്കാരിൽ വിവരം ലഭ്യമല്ല. എന്നാൽ പൗരത്വ നിയമ ഭേദഗതിക്കെതിരെ കർണാടക സംസ്ഥാനത്തെ മംഗലാപുരത്ത് 19.12.2019 ൽ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ടുണ്ടായ ക്രമസമാധാന പ്രശ്നങ്ങളും തുടർന്നുണ്ടായ പോലീസ് വെടിവയ്പ്പുമായി ബന്ധപ്പെട്ട് മംഗലാപുരം സിറ്റി നോർത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം.133/2019 നമ്പർ കേസിന്റെ അന്വേഷണ |
| (ഇ) | മറ്റു സംസ്ഥാനങ്ങളിൽ അനാവശ്യമായി എടുത്ത കേസുകൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥന് മുമ്പാകെ നേരിട്ട് ഹാജരാകണമെന്നും ഹാജരാകാത്തപക്ഷം തുടർ നിയമനടപടികൾ സ്വീകരിക്കുമെന്നും കാണിച്ച് കാസറഗോഡ് ജില്ലയിലെ 400 ഓളം പേർക്ക് ക്രിമിനൽ നടപടിക്രമം 41(A) വകുപ്പ് അനുസരിച്ചുള്ള നോട്ടീസ് ലഭിച്ചിട്ടുണ്ടെന്നും ഇത്തരത്തിൽ നോട്ടീസ് ലഭിച്ച 35 പേരെ കാസറഗോഡ് ജില്ലാ പോലീസ് ഉദ്യോഗസ്ഥർ നേരിൽ കണ്ട് അന്വേഷണം നടത്തിയതിൽ ഇവരെല്ലാവരും ഒരേ സമുദായത്തിൽപ്പെട്ടവരും സ്ത്രീകൾ ഉൾപ്പെടെയുള്ളവരുമാണെന്നും സ്വകാര്യ ആവശ്യങ്ങൾക്കായി 19.12.2019 ൽ മംഗലാപുരത്ത് പോയവരാണെന്നും അറിയുന്നു. പ്രസ്തുത കേസ് സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കുന്നതിനായി കാസറഗോഡ് ജില്ലാ പോലീസ് മേധാവി മംഗലാപുരം സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നോട്ടീസ് ലഭിച്ച സംഭവവുമായി ബന്ധപ്പെട്ട് കേരളാ സംസ്ഥാന പോലീസ് മേധാവി കർണാടക സംസ്ഥാന പോലീസ് മേധാവിയുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ